പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1710 05.12.2014 ലെ മറുപടിയ്ക്ക്

# ഗ്ലോബൽ അഗ്രോമീറ്റിന്റെ ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഗ്ലോബൽ അഗ്രോമീറ്റ് സംഘടിപ്പിക്കുന്നതിന് മൊത്തം പ്രതീക്ഷിച്ച ചെലവ് എത്രയെന്നും ചെലവായതെത്രയെന്നും വെളിപ്പെടുത്തുമോ ; | (എ) ഗ്ലോബൽ അഗ്രോമീറ്റ് സംഘടിപ്പിക്കുന്നതിന് മൊത്തം പ്രതീക്ഷിച്ച ചെലവ് 205 ലക്ഷം രൂപയും ആകെ ചെലവായ തുക 219.62 ലക്ഷം രൂപയുമാണ്. |
| (ബി) ഇതിനായുള്ള ചെലവ് കൃഷി വകുപ്പിന്റെ ഏതെല്ലാം ഹെഡ്ഡുകളിൽ നിന്ന് എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) 1. സർക്കാർ ഉത്തരവ് നമ്പർ 1236/2014/AD തീയതി 19/07/2014 പ്രകാരം 2401-001-87 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് 25 ലക്ഷം രൂപയും.<br>2. സർക്കാർ ഉത്തരവ് നമ്പർ 1856/2014/AD തീയതി 10/10/2014 പ്രകാരം<br>(i) കേന്ദ്ര സർക്കാരിന്റെ 'ആത്മ' പദ്ധതിയിലെ 'നൂതന പ്രവർത്തനങ്ങൾ' എന്ന ഘടകത്തിൽ നിന്നും 25 ലക്ഷം രൂപയും.<br>(ii) ടി ആത്മ പദ്ധതിയിലെ 'വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ' (B8) നിന്നും 16 ലക്ഷം രൂപയും.<br>(iii) വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിലെ പൊതുജന പങ്കാളിത്തം എന്ന ഘടകത്തിൽ നിന്നും 10 ലക്ഷം രൂപയും. |

(iv) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ഇന്റർനാഷണൽ മീറ്റിന്റെ പ്രൊവിഷനിൽ നിന്നും 37.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 88.50 ലക്ഷം രൂപയിൽ 51 ലക്ഷം രൂപ കൃഷി വകുപ്പിന്റെ 2401-00-109-80 (പ്ലാൻ) ശീർഷകത്തിൽ നിന്നും ഉപയോഗിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്.
(ആകെ 25+88.50 = 113.50 ലക്ഷം രൂപ)

**(സി)** ചെലവുകൾ പ്രധാനമായും ഏതെല്ലാം ഇനങ്ങളിലായിരുന്നുവെന്ന് വിശദമാക്കുമോ ?

**(സി)** ചെലവുകൾ പ്രധാനമായും താഴെപ്പറയുന്ന ഇനങ്ങളിലായിരുന്നു.

1. പരസ്യം (റോഡ് ഷോ ഉൾപ്പെടെ).
2. ഭക്ഷണം
3. താമസ സൗകര്യം
4. ഹാൾ വാടക
5. എക്സിബിഷൻ
6. യാത്രാസൗകര്യം

സെക്ഷൻ ഓഫീസർ